LIBRARY ARCHIVES Kerala Legislative Assembly

## റെയിൽവേ ബഡ്ജറ്റുകളിലേക്കുള്ള പ്രൊപ്പോസലുകൾ

65 (T* 7901) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിക്കാൻ കേരളം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കുമോ ;

(ബി) അവയിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിന്റെ പ്രൊപ്പോസൽ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ; പ്രസ്തുത പ്രൊപ്പോസലിലെ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) 2012-13-ലേയും 2013-14-ലേയും റെയിൽവേ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ നിവേദനങ്ങളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 1-ലും 2-ലും വച്ചിരിക്കുന്നു.*

(ബി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ കേരളത്തിനായി ടി വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച കാര്യങ്ങളുടേയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധം 3 ആയി വച്ചിരിക്കുന്നു.

(സി) 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിന്റെ പ്രൊപ്പോസൽ നവംബർ 2013-ലും 30-5-2014-ലും 23-6-2014-ലും ആണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. പ്രധാനമായും പെനിൻസുലാർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി-ശബരി റെയിൽവേ ലൈൻ ഉൾപ്പെടെ പുതിയ റെയിൽവേ ലൈനുകളുടെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സ്റ്റിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവയാണ് ടി നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

---

* 'T' മാറ്റിവച്ചചോദ്യത്തെസൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.